DESPATCHED On. 22/2/2020

1/1/2020




# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ AP. 162(2)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 154/എസ്.ഐ.സി-ജി 6/2019)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.നിസ്സാം.എച്ച്,
എ.എ.ഹൗസ്,
ചെമ്പല്ലൂർ എൽ.പി.എസ്സിനു സമീപം
മുദാക്കൽ പി.ഒ
തിരുവനന്തപുരം –695103 } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   പോലീസ് ഹെഡ് ക്വാർട്ടേഴ്സ്
   തിരുവനന്തപുരം –695103

2. അപ്പീൽ അധികാരി
   ജില്ലാ പോലീസ് മേധാവി,
   സിറ്റി പോലീസ് ഓഫീസ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.09.2018,29.10.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.11.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 28.12.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.09.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാൻ 19.06.2018 തിയതി സമർപ്പിച്ച പരാതിയുടെ പകർപ്പും, ടി പരാതിക്ക് ജി9/46863/2018/ടി.സി, തിയതി 19.06.2018 പ്രകാരം തന്ന രസീതിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നുവെന്നും, പരാതിപ്രകാരം ടിയാന്റെയും സാക്ഷിയുടെയും മൊഴി രേഖപ്പെടുത്തിയിട്ടില്ലെന്നും, ആയതിനാൽ ടിയാൻ സിറ്റി പോലീസ് ചീഫിനു കൊടുത്ത പരാതി പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ ഭാഗമായി ഉണ്ടായ വിവരവും രേഖകളും നൽകണമെന്നാണ്.
3. മേൽപ്പടി അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ് 17.09.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 11.09.2018 ലെ ഡി5–131047/2018/പി.എച്ച്.ക്യൂ നമ്പർ മേലെഴുത്ത് പ്രകാരം അന്വേഷണത്തിനും, അനന്തരനടപടികൾക്കുമായി തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അയച്ചു നൽകിയിട്ടുണ്ടെന്നാണ്
4. ഹർജിക്കാരൻ സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം സമർപ്പിച്ച പരാതി 12.09.2018 ന് ലഭിച്ചുവെന്നും ആയത് 14.09.2018ന് അന്വേഷണത്തിനായി എ.സി.പി. കന്റോൺമെന്റിന് നൽകിയെന്നും എസ്.പി.ഐ.ഒ, ജില്ലാ പോലീസ്മേധാവിയുടെ കാര്യാലയം 29.10.2018ന് അറിയിച്ചു
5. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 29.11.2018 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നും പൂജപ്പുര സ്റ്റേഷനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട പ്രമാണങ്ങളും, പ്രതിയായി പരാമർശിച്ചിരിക്കുന്ന ആൾ കൊടുത്ത വിശദീകരണവും ആവശ്യമാണെന്നും, 14.09.2018ന് അന്വേഷണത്തിനായി എ.സി.പി. കന്റോൺമെന്റിന് നൽകിയ കത്തിന്റെ പകർപ്പും ആവശ്യമാണെന്നുമാണ്.

6. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 28.12.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട കാര്യങ്ങൾ എസ്.പി.ഐ.ഒ നൽകിയതായി കാണുന്നുവെന്നും, എ.സി.പി യ്ക്ക് അയച്ചു നൽകിയ ആമുഖത്തിന്റെ പകർപ്പും, പരാതിയുടെ അന്വേഷണ റിപ്പോർട്ടും അനുബന്ധമായി നല്കുന്നുവെന്നുമാണ്. എന്നാൽ ആയതിന്റെ അനുബന്ധം നാളിതു വരെ ലഭ്യമായിട്ടില്ലെന്ന് ഹർജിക്കാരൻ കമ്മീഷനെ ബോധ്യപ്പെടുത്തി.
7. 23.09.2019 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന് അപേക്ഷയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും സമയബന്ധിതമായി നൽകിയെന്നും, ആയതിന്റെ പകർപ്പുകൾ ഹാജരാക്കുന്നുവെന്നുമാണ്.
8. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, മറുപടിയിൽ അനുബന്ധമായി നൽകിയെന്നു പറയുന്ന രേഖകൾ കിട്ടിയില്ലെന്ന ഹർജിക്കാരന്റെ പരാതി കണക്കിലെടുത്ത് ടി രേഖകളും, റിപ്പോർട്ടിന്റെ പകർപ്പും, ഹർജിക്കാരന് അയച്ചു കൊടുത്ത എല്ലാ മറുപടികളുടെ പകർപ്പും ഒരാഴ്ചക്കകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**